**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5449** — **21-07-2022 - ൽ മറുപടിയ്ക്ക്**

**കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കെപ്കോ വഴി കോഴിക്കുഞ്ഞുങ്ങളെ നല്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | കെപ്കോ വഴി മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന നിലവിലുള്ള പദ്ധതികൾ കെപ്കോ വനിതാമിത്രം, ബ്ലോക്ക് പഞ്ചായത്ത് തല 100 കോഴിയും, കൂട്ടും പദ്ധതി എന്നിവയാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കെപ്കോ ആശ്രയ**<br><br>തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു.<br><br>**കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്**<br><br>സംസ്ഥാനത്തെ ഗവണ്മെന്റ് /എയ്ഡഡ് സ്കൂളിലെ യു.പി വിഭാഗത്തിൽപ്പെട്ട 6,7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും 5 കോഴിയും, 1 കിലോ തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്യുന്നു.<br><br>**100 കോഴിയും, കൂട്ടും പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതി)**<br><br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ ജെ.എൽ.ജി ഗ്രൂപ്പുകളിൽ അംഗമായിട്ടുള്ള ഗുണഭോക്താവിന് 120 ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട 100 കോഴിയും, 100 കോഴികളെ പാർപ്പിക്കാനുള്ള ഒരു ഹൈടെക് കൂട്ടും ആണ് നൽകുന്നത്.<br><br>**കെപ്കോ വനിതാമിത്രം** |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും 1000 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോ തീറ്റ മരുന്ന് എന്നിവയാണ് നൽകുന്നത്. |
| (ബി) | ഗ്രാമശ്രീ, ഗ്രാമപ്രിയ ഇനങ്ങളിൽപ്പെട്ട കോഴികളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ? | (ബി) | ഗ്രാമശ്രീ, ഗ്രാമപ്രിയ കോഴിക്കുഞ്ഞുങ്ങളെ വകുപ്പിന്റെ ഫാമുകൾ മുഖേന ഉത്പാദിപ്പിച്ച് എഗ്ഗർനഴ്സറി മുഖേന വളർത്തി തിരികെ ജനങ്ങൾക്ക് വിവിധ പദ്ധതികൾ മുഖേന വിതരണം നടത്തി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ഇപ്പോൾ ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട കോഴികളെ വളർത്തുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നില്ല. കെപ്കോയുടെ കൊട്ടിയത്തുള്ള ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴികളെ കെപ്കോയുടെ തന്നെ ഇന്റഗ്രേഷൻ ഫാമുകൾ വഴി വളർത്തി വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുകയും, ആവശ്യക്കാരായ മുട്ടക്കോഴി കർഷകർക്ക് നൽകുകയും ചെയ്യുന്നു.<br><br>കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി പൗൾട്രി ആൻഡ് ഡക്ക് ഫാമിൽ നടപ്പിലാക്കിയ "Augmenting backyard poultry production in Kerala" എന്ന പദ്ധതിയിൽ 60,000 ഗ്രാമശ്രീ പാരന്റ് സ്റ്റോക്ക് കോഴിക്കുഞ്ഞുങ്ങളെ കേരള മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകളിൽ വിതരണം ചെയ്യുകയും 4 ലക്ഷത്തോളം ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുകയും ചെയ്തു. ഇത് കൂടാതെ വെറ്ററിനറി സർവ്വകലാശാല തിരുവാഴംകുന്ന് ഏവിയൻ റിസർച്ച് സ്റ്റേഷൻ RKVY പദ്ധതി പ്രകാരം നവീന ഷെഡുകൾ പണികഴിപ്പിക്കുകയും, "Integrated Rural Poultry Production Centre എന്ന സർക്കാർ പ്ലാൻ പദ്ധതിയുടെ ധനസഹായത്തോടെ പ്രതിവർഷം 2 ലക്ഷം ഗ്രാമശ്രീ കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ